പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T. 4507

20/10/2011 - ൽ
മറുപടിക്ക്

ഗതാഗത നിയമലംഘനം

| ചോദ്യം<br>ശ്രീ. ബാബു എം. പാലിശ്ശേരി | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്; ഇതിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് മാരകമായി പരിക്കു പറ്റിയിട്ടുണ്ട്; | (എ) 12410 വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. 1452 പേർ മരണപ്പെട്ടിട്ടുണ്ട്. 8647 പേർക്ക് മാരകമായി പരിക്ക് പറ്റിയിട്ടുണ്ട്. |
| (ബി) വാഹന അപകടങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ പ്രധാന കാരണമെന്ത്; | (ബി) വാഹന അപകടങ്ങളുടെ നിരക്ക് വർദ്ധിച്ചിട്ടില്ലെന്ന് ഇതു സംബന്ധിച്ചകണക്കുകൾ അവലോകനം ചെയ്തതിൽ നിന്നും വ്യക്തമാകുന്നു. അശ്രദ്ധമായി വാഹനമോടിക്കുക, അലക്ഷ്യമായും അമിതവേഗത്തിലും ഗതാഗത നിയമങ്ങൾ ലംഘിച്ചും വാഹനമോടിക്കുക, യഥാസമയം അറ്റകുറ്റപ്പണികൾനടത്താത്ത വാഹനങ്ങൾ ഉപയോഗിക്കുക. വാഹനമോടിക്കുമ്പോൾ മൊബൈൽഫോൺ ഉപയോഗിക്കുക എന്നിവയെല്ലാം പ്രധാന അപകട കാരണങ്ങളാണ്. ചില റോഡുകളുടെ ശോച്യാവസ്ഥയും, വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി റോഡുകൾ വികസിക്കാത്തതും അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഗതാഗത നിയമലംഘനം പ്രധാന കാരണങ്ങളിലൊന്നാണോ; | (സി) | ആണ് |
| (ഡി) | എങ്കിൽ നിയമം കർശനമായി നടപ്പിലാക്കുന്നതിനു സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഇന്റർസെപ്റ്ററുകൾ, സ്പീഡ് റഡാറുകൾ, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ ആൽകോമീറ്ററുകൾ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് കർശനമായ വാഹന പരിശോധന നടത്തി ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്ന വർക്കെതിരെ നടപടി സ്വീകരിച്ചു വുരുന്നുണ്ട്. കൃത്യമായ വാഹന പരിശോധന നടത്തി നിയമലംഘകരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി ട്രാഫിക് ബോധവൽക്കരണ ക്ളാസ്സുകൾ സംഘടിപ്പിക്കുന്നതിനും എല്ലാ ജില്ലാപോലീസ്മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ